സമീപിക്കാനും തുടർന്ന് ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കാനും ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

(ഡി) പാരിസ്ഥിതികമായി ദുർബലമായ സ്ഥലമെന്ന് ഓർഡിനൻസ് വ്യവസ്ഥ ചെയ്യുന്നത് താഴെപ്പറയുന്ന പ്രദേശങ്ങളാണ്.

(1) റിസർവ് വനങ്ങളോടോ, നിക്ഷിപ്ത വനങ്ങളോടോ മറ്റു സർക്കാർ ഉടമസ്ഥതയിലുള്ള വനങ്ങളോടോ ചേർന്നു കിടക്കുന്നതോ അവയാൽ ചുറ്റപ്പെട്ടതോ ആയ സർക്കാർ ഉടമസ്ഥതയിലുള്ള സ്വാഭാവിക വനങ്ങൾ.

(2) ഭൂമിയുടെ പാരിസ്ഥിതിക പ്രാധാന്യം നിശ്ചയിക്കുന്നത് അവിടത്തെ സസ്യജാലങ്ങളുടെ ബഹുലത, അപൂർവ്വവും ആ പ്രദേശത്തുമാത്രം കണ്ടുവരുന്നതും വംശനാശഭീഷണി നേരിടുന്നതുമായ സസ്യജന്തു ജനുസുകളുടെ സാന്നിദ്ധ്യം, മണ്ണൊലിപ്പിനും, ഉരുൾപൊട്ടലിനും സാദ്ധ്യതയുള്ളതുകൊണ്ട് പ്രത്യേക പരിരക്ഷ അർഹിക്കുന്ന സ്ഥലങ്ങൾ, ജലസ്രോതസ്സുകൾ പരിരക്ഷിക്കുന്നതിന് ആവശ്യമായ പ്രദേശങ്ങൾ, രണ്ടോ അതിലധികമോ വന്യജീവി ആവാസ സ്ഥലങ്ങളെ കൂട്ടിയിണക്കുന്ന ഇടനാഴി പ്രദേശങ്ങൾ, വന്യജീവികളുടെ പ്രജനന പ്രദേശങ്ങൾ എന്നിവ പരിഗണിച്ചാണ്.

നാണ്യവിള തോട്ടങ്ങൾ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കാൻ നടപടി

60 (333)ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1971-ലെ സർക്കാർ വനനിക്ഷിപ്ത നിയമപ്രകാരം ഭൂമി ഏറ്റെടുക്കുകയും പിന്നീട് കോടതിവിധികളുടെ അടിസ്ഥാനത്തിൽ ഉടമകൾക്ക് വിട്ടു കൊടുത്തതുമായ നാണ്യവിള തോട്ടങ്ങൾ വീണ്ടും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കാൻവേണ്ടി പുതിയ നിയമങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങൾ ഏറ്റെടുക്കുമ്പോൾ തക്കതായ വിലയും നഷ്ടപരിഹാരവും നൽകണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാണ്യവിള തോട്ടങ്ങൾ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കാൻ വേണ്ടി പുതിയ നിയമങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly